# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ഫെബ്രുവരി 27**

---

## ദേശീയ സെമിനാർ മാർച്ച് ഒന്നുമുതൽ

സ്വാതന്ത്ര്യത്തിന്റെ അമൃത മഹോത്സവത്തോടനുബന്ധിച്ച് മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ദേശീയ സെമിനാർ മാർച്ച് ഒന്ന്, രണ്ട് തീയതികളിൽ നടക്കും. മാർച്ച് ഒന്നിന് രാവിലെ 10ന് സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ പ്രോ-വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ സെമിനാർ ഉദ്ഘാടനം ചെയ്യും.

ഇന്ത്യൻ യുവതയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ അധ്യാപകരുടെ പങ്ക് എന്നതാണ് വിഷയം. മലേഷ്യയിലെ വവസാൻ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ മുൻ അക്കാദമിക് വൈസ് ചാൻസലർ ഡോ. മോഹൻദാസ് ബി. മേനോൻ, മുൻ ഡി.ജി.പി അലക്സാണ്ടർ ജേക്കബ്, കേരള സെൻട്രൽ യൂണിവേഴ്സിറ്റിയിലെ ഡോ. കെ.സി. ബൈജു, എം.ജി. സർവകലാശാലയിലെ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് ഡയറക്ടർ ഡോ. ടോണി കെ. തോമസ് തുടങ്ങിയവർ വിവിധ സെഷനുകളിൽ പ്രഭാഷണം നടത്തും. ഇന്ത്യൻ കൗൺസിൽ ഓഫ് സോഷ്യൽ സയൻസ് റിസർച്ചിന്റെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്.

മാർച്ച് രണ്ടിന് ഉച്ചകഴിഞ്ഞ് രണ്ടിന് നടക്കുന്ന സമാപനചടങ്ങ് സർവകലാശാലാ രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാർ ഉദ്ഘാടനം ചെയ്യും.

(പി.ആർ.ഒ/39/231/2023)

## റിസർച്ച് അസോസിയേറ്റ്, റിസർച്ച് അസിസ്റ്റന്റ് ; താത്കാലിക നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ കൊറിയ സെന്ററിന്റെ റിസർച്ച് പ്രോജക്ടിൽ താത്കാലിക

നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. റിസർച്ച് അസോസിയേറ്റ്, റിസർച്ച് അസിസ്റ്റന്റ് തസ്തികളിൽ ഓരോ ഒഴിവുകളിൽ ഒരു വർഷത്തേക്കാണ് നിയമനം.

സോഷ്യൽ സയൻസിൽ 55 ശതമാനം മാർക്കോടെ ബിരുദാനന്തര ബിരുദവും ഇംഗ്ലീഷ് ഭാഷയിൽ അനലിറ്റിക്കൽ, കമ്യൂണിക്കേഷൻ വൈദഗ്ധ്യവുമുള്ളവരെയാണ് റിസർച്ച് അസോസിയേറ്റ് തസ്തികയിലേക്ക് പരിഗണിക്കുന്നത്. കൊറിയൻ ഭാഷയിൽ പ്രാവീണ്യമോ കൊറിയയുമായി ബന്ധപ്പെട്ട വിഷയത്തിൽ എംജി സർവകലാശാലയിൽ പി.എച്ച്.ഡി എൻറോൾമെന്റോ അഭികാമ്യം.

പ്രതിമാസ വേതനം 20000 രൂപ. നിബന്ധനകൾക്ക് വിധേയമായി അധികമായി രണ്ടു വർഷത്തേക്ക് സേവന കാലാവധി നീട്ടി നൽകിയേക്കും.

സോഷ്യൽ സയൻസ് അല്ലെങ്കിൽ ഹ്യുമാനിറ്റീസിൽ 55 ശതമാനം മാർക്കോടെ ബിരുദാനന്തര ബിരുദം നേടിയവരെയാണ് റിസർച്ച് അസിസ്റ്റന്റ് തസ്തികയിലേക്ക് പരിഗണിക്കുന്നത്. ഇംഗ്ലീഷ് ഭാഷയിൽ അനലിറ്റിക്കൽ, കമ്യൂണിക്കേഷൻ വൈദഗ്ധ്യം ഉണ്ടായിരിക്കണം. കൊറിയൻ ഭാഷയിൽ പ്രാവീണ്യവും നിലവിൽ ഡൽഹി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതും അഭികാമ്യ യോഗ്യതകളായി പരിഗണിക്കും. പ്രതിമാസ വേതനം 10000 രൂപ.

താത്പര്യമുള്ളവർ ബയോ ഡേറ്റയും ഒരു പേജിൽ കവിയാത്ത മോട്ടിവേഷൻ ലെറ്ററും(500 വാക്ക്, ടൈപ്പ് ചെയ്തത്) office.kcmgu@gmail.com എന്ന ഇ മെയിൽ വിസാലത്തിലേക്ക് മാർച്ച് 10ന് മുൻപ് അയയ്ക്കണം.

(പി.ആർ.ഒ/39/232/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ആറാം സെമസ്റ്റർ ബി.ആർക്ക് (2019 അഡ്മിഷൻ റഗുലർ) പരീക്ഷകൾ മാർച്ച് 13 ന് തുടങ്ങും.
പിഴയില്ലാതെ മാർച്ച് ആറു വരെയും പിഴയോടു കൂടു മാർച്ച് ഏഴിനും സൂപ്പർ ഫൈനോടു കൂടി മാർച്ച് എട്ടിനും അപേക്ഷ സമർപ്പിക്കാം. പരീക്ഷാ ഫീസിനൊപ്പം 240 രൂപ സി.വി ക്യാമ്പ് ഫീസ് അടയ്ക്കണം.

(പി.ആർ.ഒ/39/233/2023)

## പ്രാക്ടിക്കൽ

അഞ്ചാം സെമെസ്റ്റർ ബി.വോക് സസ്റ്റെയ്നബിൾ അഗ്രിക്കൾച്ചർ (2020 അഡ്മിഷൻ റഗുലർ - പുതിയ സ്കീം - ജനുവരി 2023) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ മാർച്ച് ഏഴു മുതൽ പാലാ സെൻറ് തോമസ് കോളജിൽ നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/234/2023)

## <u>പരീക്ഷാ ഫലം</u>

2022 ഏപ്രിലിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ബി.എ (2017,2018 അഡ്മിഷനുകൾ സപ്ലിമെൻററി, 2015,2016 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

ഉത്തരക്കടലാസ്സുകളുടെ പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് മാർച്ച് 13 വരെ ഓൺലൈനിൽ അപേക്ഷ സമർപ്പിക്കാം.
............................

2022 ഒക്ടോബറിൽ നടത്തിയ അഞ്ചാം സെമെസ്റ്റർ എം.എസ്.സി മെഡിക്കൽ ബയോ കെമിസ്ട്രി പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു.
ഉത്തരക്കടലാസ്സുകളുടെ പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം മാർച്ച് 13 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/235/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**